പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3869 — 31.1.2014-ൽ മറുപടിയ്ക്ക്

## ഖാദി ഗ്രാമവ്യവസായ മേഖലയിലെ പ്രധാന മന്ത്രിയുടെ തൊഴിൽ ദായക പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. പാലോട് രവി<br>ശ്രീ. എ. റ്റി. ജോർജ്ജ്<br>ശ്രീ. സി. പി. മുഹമ്മദ് | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പ് മന്ത്രി) |
| (എ) ഖാദി ഗ്രാമവ്യവസായ മേഖലയിലെ പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (എ)1.സ്വയം തൊഴിൽ അധിഷ്ഠിതമായ ഗ്രാമ വ്യവസായങ്ങൾ ആരംഭിക്കുന്നതിലൂടെ ധാരാളം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക.<br>2.പരമ്പരാഗത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക, അതിലൂടെ തൊഴിൽ രഹിതരായ യുവതി യുവാക്കൾക്ക് അവരവരുടെ പ്രദേശത്ത് തന്നെ തൊഴിൽ അവസരങ്ങൾ സംജാതമാക്കുക.<br>3.സ്ഥിരമായ തൊഴിൽ അവസരങ്ങളിലൂടെ മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പ് വരുത്തുക.<br>4.തൊഴിലാളികളുടെ കഴിവ് വർദ്ധിപ്പിക്കുകയും അതിലൂടെ അവരുടെ വേതനത്തിൽ വർദ്ധനവ് ഉണ്ടാക്കുകയും ചെയ്യുക.<br>5.ചെറുകിട വ്യവസായ മേഖലയ്ക്ക് കൂടുതൽ വായ്പകൾ നൽകുന്നതിന് ധനകാര്യ |

സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ഖാദി ഗ്രാമ വ്യവസായ മേഖലയിലെ പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(ബി) എത്ര പേർക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) 2013-14 വർഷത്തിൽ 5024 പേർക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. 813.06 ലക്ഷം രൂപയുടെ മാർജിൻ മണി 628 വ്യവസായ യൂണിറ്റുകൾക്ക് നൽകാനാണ് ഉദ്ദേശിക്കുന്നത്.

(സി) എന്തെല്ലാം തൊഴിലുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(സി)ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെ വ്യവസ്ഥ പ്രകാരം ഗ്രാമ പ്രദേശങ്ങളിൽ ആരംഭിക്കുന്നതും മൂലധന ചെലവിന്റെ ഓരോ ലക്ഷം രൂപയ്ക്കും ഒരാൾക്ക് തൊഴിൽ ലഭ്യമാക്കുന്നതും താഴെ ചേർത്തിരിക്കുന്ന നെഗറ്റീവ് ലിസ്റ്റിൽ പെടാത്തതുമായ ഏതു വ്യവസായവും പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**<u>നെഗറ്റീവ് ലിസ്റ്റ്</u>**

(എ) മത്സ്യ മാംസാദികളിൽ അധിഷ്ഠിതമായവ,മദ്യം,ലഹരി പദാർത്ഥങ്ങൾ,പുകയില സംബന്ധമായവ,കള്ളു ചെത്ത്, മദ്യമാംസ വിഭവങ്ങൾ ലഭിക്കുന്ന ഹോട്ടൽ വ്യവസായം മുതലായവ.

(ബി) തേയില, കാപ്പി,റബ്ബർ മുതലായ എല്ലാത്തരം കൃഷികളും പട്ടുനൂൽപ്പുഴു വളർത്തൽ,ജന്തുക്കൾ സംബന്ധമായവ,മൃഗ സംരക്ഷണം,പന്നി വളർത്തൽ, കോഴി വളർത്തൽ,കൃത്രിമ കോഴി കുഞ്ഞു ഉല്പാദന

| | |
|---|---|
| | യന്ത്രങ്ങളുടെയും കൊയ്ത്ത് യന്ത്രങ്ങളുടെയും നിർമ്മാണം. |
| | (സി) 20 മൈക്രോണിൽ താഴെ കനമുള്ളതോ നിരോധിക്കപ്പെട്ടതുമായ പോളിത്തീൻ ബാഗുകൾ പുനഃപ്രക്രിയയിലൂടെ നിർമ്മിക്കുന്ന പ്ലാസ്റ്റിക്ക് പാത്രങ്ങളും ഉപകരണങ്ങളും, പരിസര മലിനീകരണമുണ്ടാക്കുന്ന മറ്റു പദാർത്ഥങ്ങളുടെ നിർമ്മാണവും സംഭരണവും |
| | (ഡി) ഗതാഗത വാഹനങ്ങൾ(സൈക്കിൾ റിക്ഷ ഒഴികെ) |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ? | (ഡി) 2013-14 വർഷത്തിൽ കൈവരിക്കേണ്ട ലക്ഷ്യത്തിന്റെ ഏകദേശം 3 ഇരട്ടി മാർജിൻ മണിക്കുള്ള അപേക്ഷകൾ ഖാദി ബോർഡിന്റെ 14 ജില്ലാ ഓഫീസുകളിൽ ലഭിക്കുകയും പ്രസ്തുത അപേക്ഷകൾ ജില്ലാതല ടാസ്ക്ഫോഴ്സ് കമ്മിറ്റിയിൽ സമർപ്പിച്ചശേഷം 28 കോടി രൂപയുടെ യോഗ്യമായ അപേക്ഷകൾ ബന്ധപ്പെട്ട ബാങ്കുകളിലേക്ക് ശുപാർശ ചെയ്തിട്ടുണ്ട്. |

Bmadev

സെക്ഷൻ ഓഫീസർ